**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4251** **28-10-2021 - ൽ മറുപടിയ്ക്ക്**

**സിഡ്കോയിലെ ഫോർമാൻ തസ്തികയിലേക്കുള്ള പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 01.04.2003 മുതൽ പ്രാബല്യത്തിലുള്ള 28.2.2011-ലെ 66/2011/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സിഡ്കോയിൽ വർക്കർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലേക്ക് നേരിട്ട് പ്രൊമോഷൻ അനുവദിച്ച നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 01.04.2003 മുതൽ നാളിതുവരെ എത്രപേർക്ക് ഇപ്രകാരം പ്രമോഷൻ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സിഡ്കോയിൽ വർക്കർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലേക്ക് നേരിട്ട് പ്രൊമോഷൻ അനുവദിച്ചതിനാൽ ഫോർമാൻ തസ്തികയിലെ ഒഴിവുകൾ പബ്ലിക സർവീസ് കമ്മീഷന് റിപ്പോർട്ടു ചെയ്യുകയുണ്ടായില്ല എന്നാരോപിച്ചുകൊണ്ട് 2 പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് 1.04.2003 മുതൽ പ്രാബല്യത്തിലുള്ള 28.2.2011-ലെ 66/2011/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ക്രമവിരുദ്ധമാണോ എന്നത് വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച വരുന്നു. 01/04/2003 മുതൽ നാളിതുവരെ 9 ജീവനക്കാർക്ക് വർക്കർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലെക്ക് നേരിട്ട് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |
| (ബി) | സിഡ്കോ സ്റ്റാഫ് റെഗുലേഷൻ റൂൾസിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ച് കൊണ്ട് വർക്കർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലേക്ക് നേരിട്ട് പ്രൊമോഷൻ അനുവദിക്കുന്നതിന് സർക്കാർ സിഡ്കോയെ അധികാരപ്പെട്ടു ത്തിയിട്ടുണ്ടോ; | (ബി) | സർക്കാർ അംഗീകാരം നൽകിയിട്ടില്ല. സിഡ്കോ ഡയറക്ടർ ബോർഡ് അംഗീകരിച്ച സ്റ്റാഫ് റഗുലേഷൻ റൂൾ പ്രകാരമാണ് സിഡ്കോയിൽ നിലവിൽ പ്രമോഷൻ അനുവദിച്ച വരുന്നത്. |
| (സി) | മേൽപ്പറഞ്ഞ പ്രകാരം ഫോർമാൻ തസ്തികയിലേക്ക് നേരിട്ട് നിയമനം നൽകിയപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്നവരുടെ അവസരം നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; പരാതികളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | നിശ്ചിത യോഗ്യതയുള്ള വർക്കർമാർ, ചാർജ്ജ്ഹാൻഡ്, ചാർജ്ജ്മാൻ എന്നിവരിൽ നിന്ന് ഫോർമാൻ തസ്തികയിലേക്ക് നേരിട്ട് നിയമനം നൽകുമ്പോൾ സിഡ്കോയിലെ യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരം നികത്തുന്നതാണെന്ന് സിഡ്കോ സ്റ്റാഫ് റഗുലേഷനിൽ നിഷ്കർഷിച്ചിരിക്കുന്നു. ആയത് പ്രകാരം ഉണ്ടായ ഒഴിവുകൾ പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സിഡ്കോ മാനേജിങ് ഡയറക്ടർ |

| | | | |
|---|---|---|---|
| | | | അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 2 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | നിയമവിരുദ്ധമായി ഫോർമാൻ തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ചത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുമോ; വിശദാംശം നൽകുമോ? | (ഡി) | ഫോർമാൻ തസ്തികയിലേക്ക് അനുവദിച്ച പ്രൊമോഷൻ നിയവിരുദ്ധമാണോ എന്നത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ